# എരിതീയിൽ നിന്ന് വറചട്ടിയിലേക്ക് !
# ദുരിതകാലത്തെ ഇന്ധനക്കൊള്ളയിൽ
# പ്രതിഷേധിക്കുക....
## എക്സൈസ് തീരുവ (ലിറ്ററിൽ)

| 2014 ൽ BJP അധികാരമേൽക്കുമ്പോൾ | | ഇന്ന് | |
|---|---|---|---|
| പെട്രോൾ | 9.48 രൂപ | പെട്രോൾ | 22.98 രൂപ (142% വർദ്ധന) |
| ഡീസൽ | 9.48 രൂപ | ഡീസൽ | 18.83 രൂപ (429% വർദ്ധന) |

സഖാക്കളെ,

സാമ്പത്തിക തകർച്ചയും തൊഴിലില്ലായ്മയും മൂലം രാജ്യത്തെ ജനങ്ങൾ പൊറുതിമുട്ടുകയാണ്. ലോകമാകെ മഹാമാരിപോലെ പടർന്നുപിടിച്ച കൊറോണ രോഗം സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വിലയിൽ ചരിത്രത്തിലെ ഏറ്റവും വലിയ വിലയിടിവാണ് ഉണ്ടായത്. അന്താരാഷ്ട്ര മാർക്കറ്റിലെ വിലയുടെ ന്യായം പറഞ്ഞാണ് രാജ്യത്തെ പെട്രോളിയം ഉത്പന്നങ്ങളുടെ വില അടിക്കടി വർദ്ധിപ്പിക്കുന്നത്. എന്നാൽ വിലയിടിഞ്ഞപ്പോൾ ഉത്പന്നങ്ങളിൽ മേലുള്ള നികുതി വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കണമെന്ന കഴുകൻ ചിന്തയാണ് കേന്ദ്രഭരണാധികാരികളെ നയിച്ചത്. 40,000 കോടി രൂപയുടെ അധികബാധ്യതയാണ് ജനങ്ങളുടെ തലയിൽ നേരിട്ട് ചുമത്തിയത്. ഇതുമൂലം കടത്തുകൂലി ഗണ്യമായി വർധിക്കുകയും നിത്യോപയോഗ സാധനങ്ങളുടെ വില വർധിക്കുകയും ചെയ്യും. 40,000 കോടി രൂപയുടെ പതിന്മടങ്ങ് ബാധ്യത സാധനങ്ങളുടെ വിലക്കയറ്റത്തിലൂടെ ജനങ്ങളുടെ മേൽ ഇനിയും വന്നുപതിക്കുമെന്ന് സാരം.

എക്സൈസ് തീരുവ വർധിപ്പിച്ചാൽ അതിന്റെ 42% സംസ്ഥാനങ്ങളുമായി പങ്കിടേണ്ടിവരും. സംസ്ഥാനങ്ങളുമായി വരുമാനം പങ്കിടുന്നത് ഒഴിവാക്കാൻ പ്രത്യേക എക്സൈസ് തീരുവയും റോഡ് സെസുമാണ് വർധിപ്പിച്ചത്. ആഗോളവിപണിയിൽ എണ്ണവില കുത്തനെയിടിഞ്ഞ സാഹചര്യത്തിൽ, എണ്ണവില ആനുപാതികമായി കുറച്ച് ജനങ്ങൾക്ക് ആശ്വാസം പകരേണ്ട സർക്കാരാണ് നികുതി കൂട്ടി ജനങ്ങളെ പിഴിയുന്നത്. ജനജീവിതം കൂടുതൽ ദുഃസ്സഹമാക്കുന്ന, സാമ്പത്തികമാന്ദ്യം രൂക്ഷമാക്കുന്ന പ്രതിലോമ നടപടിയാണിത്. ആഗോളവിപണിയിൽ എണ്ണവിലയിൽ ഉണ്ടായ വിലയിടിവിന്റെ ആനുകൂല്യം രാജ്യത്തെ ജനങ്ങൾക്ക് നിഷേധിക്കുകയും അതേസമയം കുത്തക എണ്ണകമ്പനികളെ വാരിക്കോരി സഹായിക്കുകയുമാണിവർ. കൊറോണ വൈറസ് പടരുന്ന കാലഘട്ടത്തിൽ ജനങ്ങളുടെ കൂട്ടായ പ്രതിഷേധം അസാധ്യമാക്കുന്ന പ്രത്യേക സാഹചര്യത്തെ ദുരുപയോഗം ചെയ്യുകയാണവർ.

കണ്ണിൽ ചോരയില്ലാത്ത കൊള്ളയ്ക്ക് അരങ്ങൊരുങ്ങിയത് പെട്രോൾ-ഡീസൽ വിലനിയന്ത്രണാധികാരം സർക്കാർ കൈയൊഴിഞ്ഞതാണ്. 2010 ജൂണിൽ പെട്രോൾവില നിയന്ത്രണം മൻമോഹൻസിംഗും അതിന്റെ തുടർച്ചയായി 2014 ഒക്ടോബറിൽ ഡീസൽ വില നിയന്ത്രണം മോഡിയും എടുത്തുകളഞ്ഞു. കൂടാതെ മോദി സർക്കാർ മഹാരത്നകമ്പനിയായ BPCL നെയും HPCL നെയും വിൽക്കുകയാണ്. മുതലാളിമാരുടെകീശവീർപ്പിക്കൽ തന്നെയാണ് ലക്ഷ്യം

നികുതി വർധിപ്പിക്കുന്നതിലൂടെ സമാഹരിക്കുന്ന പണം ജനക്ഷേമത്തിന് വിനിയോഗിക്കുകയാണെന്ന പച്ചക്കള്ളവും പ്രചരിപ്പിക്കുകയാണ്. കഴിഞ്ഞ നാലുവർഷം കൊണ്ട് 11.9ലക്ഷം കോടിരൂപ ഇന്ധന നികുതിയിലൂടെ സ്വരൂപിച്ച കേന്ദ്രസർക്കാർ ഇത്തവണത്തെ ബജറ്റിലൂടെ പാവങ്ങളുടെ ഭക്ഷ്യസബ്സിഡിയിൽ 70,000 കോടി രൂപയും തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം 10,000 കോടിയും വെട്ടിക്കുറച്ചു. അതേ സർക്കാർ തന്നെ 2.15 ലക്ഷം കോടി രൂപയുടെ നികുതിയിളവുകൾ കോർപ്പറേറ്റ് കമ്പനികൾക്ക് നൽകിയെന്നുമാത്രമല്ല അവരുടെ ഡിവിഡന്റ് ഡിസ്ട്രിബ്യൂഷൻ ടാക്സും എടുത്തുകളഞ്ഞു. ഇന്ധനവില വർധനയിലൂടെ പാവങ്ങളെ പിഴിഞ്ഞ കേന്ദ്ര ഭരണാധികാരികൾ സ്പെക്ട്രം ചാർജ്, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ കുത്തക ടെലികോം കമ്പനികളിൽ നിന്ന് കിട്ടാനുള്ള 1.47 ലക്ഷം കോടിരൂപ പിരിച്ചെടുക്കുന്നുമില്ല. സമ്പന്നരിൽ നിന്ന് പിരിച്ചെടുക്കാനുള്ള ആദായ നികുതി കുടിശികമാത്രം എടുത്താൽ 9.32ലക്ഷം കോടി രൂപ വരും.

മോദിസർക്കാർ വന്നതിനുശേഷം പന്ത്രണ്ടു തവണയാണ് ഇന്ധന നികുതികൾ വർധിപ്പിച്ചത്. കൊറോണയും സാമ്പത്തികമാന്ദ്യവും സൃഷ്ടിച്ച പ്രതിസന്ധിയിൽ രാജ്യം പകച്ചുനിൽക്കുമ്പോഴാണ് ഇപ്പോഴത്തെ ഈ വഞ്ചനകാട്ടിയത്. ജനങ്ങളെ കൊള്ളചെയ്യുന്ന കേന്ദ്രനിലപാടിൽ സംഘടന ശക്തമായി പ്രതിഷേധിക്കുന്നു. ജനരോക്ഷം മനസിലാക്കി ജനദ്രോഹനടപടികൾ പിൻവലിക്കാൻ കേന്ദ്രസർക്കാരിനോട് സംഘടന ആവശ്യപ്പെടുന്നു.

KSFE സ്റ്റാഫ് അസോസിയേഷൻ (CITU) നുവേണ്ടി,

**എസ്.മുരളികൃഷ്ണപിള്ള** *(ജനറൽസെക്രട്ടറി)*

ജീ.വി.പ്രിന്റേഴ്സ്, ബാലരാമപുരം. ഫോൺ : 2400516